# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.545      07.01.2014–ൽ മറുപടിക്ക്

**ചോദ്യം**      **ഉത്തരം**


**ഡോ. ടി. എം. തോമസ് ഐസക്**
**ശ്രീ. റ്റി. വി. രാജേഷ്**
**,, എ. പ്രദീപ്കുമാർ**
**,, കെ. സുരേഷ് കുറുപ്പ്**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി


### സംസ്ഥാനത്തിന്റെ വരുമാനം

| | | |
|---|---|---|
| (എ) | നടപ്പുവർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ചതു പോലെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ; | പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു വർഷം ബഡ്ജറ്റിൽ ലക്ഷ്യമിട്ട തോതിലുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടില്ല. |
| (ബി) | വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ; വിജയം കണ്ടെത്താനായോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമായിരുന്നു; വരുമാനത്തിൽ കുറവ് ഉണ്ടായ മേഖലകൾ ഏതെല്ലാമായിരുന്നു; വരവ് വർദ്ധിപ്പിക്കാനുള്ള സംവിധാനങ്ങളിൽ ഉണ്ടായിരിക്കുന്ന വീഴ്ച അവസാനിപ്പിക്കാൻ ശ്രമം നടത്തിയോ ; | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം 11.10.2013 ലെ സ.ഉ(പി) നം.515/13/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് . കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഫീസ്, ചാർജ് മുതലായവ കാലികമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ പൊതു സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച നേടാനായിട്ടില്ല. ഈ സാഹചര്യത്തിൽ വരവ് വർദ്ധിപ്പിക്കുന്നതിനും ചോർച്ച തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആയതുമൂലം കടം എടുക്കേണ്ടി വന്നിട്ടുണ്ടോ; തന്നാണ്ടിൽ ഇതിനകം വാങ്ങിയ കടം എത്രയായിരുന്നു; ദൈനംദിന ചെലവുകൾ നടത്താൻ കടം വാങ്ങേണ്ട അവസ്ഥ വന്നിട്ടുണ്ടോ; കേന്ദ്രം | നടപ്പു സാമ്പത്തിക വർഷം ഇതിനോടകം ആകെ 9700 കോടി രൂപ പൊതുവിപണിയിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. ഈ വർഷം റിസർവ് ബാങ്കിൽ നിന്നും 118.93 കോടി രൂപയുടെ വെയ്സ് & മീൻസ് അഡ്വാൻസ് എടുത്തിരുന്നു. സംസ്ഥാന |

| | | |
|---|---|---|
| | നടപ്പു വർഷം അനുവദിച്ച വായ്പാപരിധി എന്തു തുകയായിരുന്നു; വാർഷിക പദ്ധതിയുടെ എത്ര ശതമാനം ചെലവ് അവശേഷിക്കുന്നുണ്ട് ; | ത്തിന് നടപ്പു വർഷം അനുവദിച്ച വായ്പാപരിധി 12397 കോടി രൂപയാണ്. ഇതേവരെ എടുത്ത വായ്പയിൽ 2300 കോടിയോളം രൂപ ദൈനം ദിന ചെലവുകളുൾപ്പെടെയുള്ള റവന്യൂ ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. നവംബർ വരെയുള്ള കണക്കുകൾ പ്രകാരം വാർഷിക പദ്ധതിയുടെ 66 ശതമാനത്തോളം ചെലവ് അവശേഷിക്കുന്നുണ്ട്. |
| (ഡി) | ചെലവിനനുസരിച്ച് വരവ് ഉയർത്താൻ നടപടികളില്ലാത്തതിനാൽ ചെലവ് ചുരുക്കാനുദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിൽ എങ്ങനെയാണെന്ന് വിശദമാക്കാമോ ? | റവന്യൂ പിരിവ് ശക്തമാക്കുന്നതിനുള്ള നടപടികൾക്കൊപ്പം തന്നെ, സർക്കാർ തലത്തിൽ സാമ്പത്തിക അച്ചടക്കം നടപ്പാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തുടർച്ചാനുമതിയുടെ അടിസ്ഥാനത്തിൽ തുടരുന്ന താല്ക്കാലിക തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിന് ധനകാര്യ (എക്സ്പെന്റിച്ചർ) സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ചെലവ് ചുരുക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിഹിതത്തിന്റെ 150% വരെ മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകാവൂ, 31.03.2014 വരെ ധനവകുപ്പിന്റെ അനുമതി കൂടാതെ അധിക തസ്തികകൾ സൃഷ്ടിക്കാൻ പാടില്ല, ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിയന്ത്രണം, നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽതന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്കുമാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ സ.ഉ(പി)നം.382/2013/ധന, 11.10.2013 ലെ സ.ഉ(പി)നം.515/2013/ധന നമ്പരായുള്ള ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ